പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1842 | 05.12.2014 ൽ മറുപടിയ്ക്ക് |
|---|---|
| അട്ടപ്പാടി അംഗൻവാടി കുട്ടികളുടെ ക്ഷേമം | |
| ചോദ്യം | ഉത്തരം |
| ശ്രീ.എ.കെ.ബാലൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) അട്ടപ്പാടിയിൽ എത്ര അംഗൻവാടികളാണ് നിലവിൽ ഉള്ളത്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) അട്ടപ്പാടിയിൽ 172 അങ്കണവാടികളും, 3 മിനി അങ്കണവാടികളും ചേർത്ത് ആകെ 175 അങ്കണവാടികൾ ആണ് നിലവിലുള്ളത്. ആയത് പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു.<br>അഗളി - 64(63+1 മിനി അങ്കണവാടി)<br>പുതൂർ - 57(55+2 മിനി അങ്കണവാടി)<br>ഷോളയൂർ - 54<br>---- |
| (ബി) കൗമാരക്കാർക്കുള്ള മെഡിക്കൽ അംഗൻവാടി പദ്ധതി ഇവിടെ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; | (ബി) അട്ടപ്പാടിയിൽ കൗമാര പ്രായക്കാരായവർക്ക് മെഡിക്കൽ അങ്കണവാടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ കൗമാര പ്രായക്കാർക്കുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ സബല എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 'കിശോരി ദിവസ്' ആചരിക്കുന്നുണ്ട്. ടി ദിവസം മെഡിക്കൽ ചെക്കപ്പ്/റെഫറൽ സർവ്വീസ് എന്നിവ നൽകിവരുന്നു. |
| (സി) നിലവിലുള്ള അംഗൻവാടികളിൽ എത്ര എണ്ണത്തിന് അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്; | (സി) നിലവിലുള്ള 13 അങ്കണവാടികൾക്ക് അറ്റകുറ്റപ്പണി നടത്തേണ്ടതുണ്ട്. |
| (ഡി) കുട്ടികൾക്ക് വേണ്ട കളിപ്പാട്ടങ്ങൾ, ചെറിയ ഫർണിച്ചറുകൾ, കിടക്കകൾ, കുടിവെള്ളം, ടോയ്ലറ്റ് എന്നീ സൗകര്യങ്ങൾ ഇല്ലാത്ത എത്ര അംഗൻവാടികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) കളിപ്പാട്ടങ്ങൾ, ചെറിയ ഫർണിച്ചറുകൾ, കുടിവെള്ളം, എന്നിവ ലഭ്യമല്ലാത്ത അങ്കണവാടികൾ ഒന്നും തന്നെ ഇല്ല. 9 അങ്കണവാടികളിൽ സ്വന്തമായി കുടിവെള്ള സൗകര്യം ഉണ്ട്. 114 അങ്കണവാടികൾക്ക് സമീപ പ്രദേശത്തുനിന്നും കുടിവെള്ളം ലഭ്യമാണ്. 52 സ്ഥലങ്ങളിൽ കുറച്ച് അകലെ കുടിവെള്ളം |

| | |
|---|---|
| | ലഭ്യമാണ്. അങ്കണവാടികളിൽ കിടക്ക ലഭ്യമല്ല. പായയാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. അട്ടപ്പാടിയിലെ 44 അങ്കണവാടികൾക്ക് ടോയ്‌ലറ്റ് സൗകര്യം ഇല്ല. |
| (ഇ) നിലവിൽ എത്ര കുട്ടികളാണ് അംഗൻവാടികളിൽ എത്തുന്നത്; ഊരുകളിലെ എല്ലാ കുട്ടികളും അംഗൻവാടികളിൽ എത്തുന്നു എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; | (ഇ) നവംബർ 2014-ലെ കണക്കുകൾ പ്രകാരം മൂന്ന് വയസ്സിനും 6 വയസ്സിനുമിടയിൽ പ്രായമുള്ള 1414 കുട്ടികൾ അങ്കണവാടി ഗുണഭോക്താക്കൾ ആണ്. ഊരുകളിലെ എല്ലാ ഗുണഭോക്താക്കളേയും അങ്കണവാടിയിൽ എത്തിക്കുന്നതിന് വർക്കർ, ഹെൽപ്പർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (എഫ്) നിലവിൽ അംഗൻവാടികളിൽ കുട്ടികൾക്ക് നൽകുന്ന ഭക്ഷണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എഫ്) 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് അമൃതം ന്യൂട്രിമിക്സ് ടേക് ഹോം റേഷനായി നൽകിവരുന്നു. 3 വയസ്സു മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അമൃതം ബർഫി/ലഡു, പാൽ, മുട്ട ഇവയിൽ ഏതെങ്കിലും morning snack ആയും ഉച്ച ഭക്ഷണമായി അരി, ചെറുപയർ ചേർത്ത കഞ്ഞിയും റവ ഉപ്പുമാവ്, പയർ ശർക്കര ചേർത്തത് ഇവയിൽ ഏതെങ്കിലും ജനറൽ ഫീഡിംഗ് ആയും നൽകി വരുന്നു. കൂടാതെ ഗുരുതര പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്റർ തയ്യാറാക്കുന്ന തെറാപ്യൂട്ടിക് ഫുഡ് മിക്സഡ് വ്യക്തിഗത Diet ചാർട്ടിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്നു. കൂടാതെ 6 മാസം മുതൽ 6 വയസ്സു വരെ പ്രായമുള്ള കുട്ടികൾ കമ്മ്യൂണിറ്റി കിച്ചൻ ഗുണഭോക്താക്കളുമാണ്. |
| (ജി) ഭക്ഷണത്തിന് നിലവിൽ ഒരു കുട്ടിക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്ക് എത്ര രൂപയാണ്; ഭക്ഷണത്തിനുള്ള തുക മുൻപേർ ആയി നൽകാറുണ്ടോ; ഇല്ലെങ്കിൽ എത്ര രൂപ സർക്കാർ നൽകാൻ കുടിശികയുണ്ട്? | (ജി) കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടിക്ക് ഒരു ദിവസത്തേയ്ക്ക് 4/- രൂപയും ഗുരുതരമായ പോഷകാഹാര കുറവുള്ള കുട്ടിക്ക് 6/- രൂപയും ആണ് അനുവദിച്ചിട്ടുള്ളത്. ഇതിന്റെ 50% കേന്ദ്ര ഗവൺമെന്റ് റീഇമ്പേഴ്സ്മെന്റായി നൽകിവരുന്നു. അധികാരവികേന്ദ്രീകൃതാസൂത്രണ പദ്ധതിയെ തുടർന്ന് അങ്കണവാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതാണ് പൂരക പോഷകാഹാര പദ്ധതി. ജനകീയാസൂത്രണ |

| | |
|---|---|
| | പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയായി തുക വകയിരുത്തിയാണ് നടപ്പിലാക്കിവരുന്നത്. പഞ്ചായത്ത് പ്രാദേശിക ഭക്ഷണ സാധനങ്ങൾ ഗുണഭോക്താക്കൾക്ക് അനുസൃതമായി പ്രോജക്ട് വച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലേക്ക് കേന്ദ്രസർക്കാർ മാനദണ്ഡത്തിനേക്കാൾ കൂടുതൽ തുക ചെലവ് വരാറുണ്ട്. പ്രസ്തുത തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ